# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കിസാൻ കാർഡുകളുടെ വിതരണം</u>

1465 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ കാർഡുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) കിസാൻ കാർഡുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി കർഷകർക്ക് ലഭിക്കുന്നത് ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കിസാൻ കാർഡ്</u>

1466 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതിനകം എത്ര കിസാൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രയോജനങ്ങളാണ് ഈ കാർഡുവഴി കർഷകർക്ക് ലഭ്യമാവുക;

(സി) കിസാൻ കാർഡിന് അർഹരായ എത്ര കർഷകർ കേരളത്തിലുണ്ടാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇത് ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഉറപ്പുകൾ</u>

1467 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിനെ സമീപിച്ച മന്ത്രിതല സംഘത്തിന് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ലഭിച്ച ഉറപ്പുകളുടെ വിശദാംശം നൽകുമോ;

(ബി) കേരളത്തിലെ കൃഷി നാശത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തെങ്കിലും പ്രത്യേക പാക്കേജ് കേരളത്തിന് ലഭിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

കാർഷിക പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച
വിലയിരുത്തൽ

1468 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അവതരിപ്പിച്ച 2011-12 ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഏതെല്ലാമാണ് പ്രവൃത്തിപഥത്തിൽ എത്തിക്കാൻ സാധിക്കാതെ പോയതെന്ന് അറിയിക്കാമോ; ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി നടത്തിപ്പിൽ പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പുതിയ കാർഷികനയം</u>

1469 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാർഷികനയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കൃഷിക്കാരുടെയും കർഷകരുടെയും സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേന്ദ്ര സർക്കാരിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും വിജയ മാതൃകകൾ നയത്തിൽ ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ നടപടി</u>

1470 ശ്രീ. സി. മമ്മൂട്ടി
'' വി. എം. ഉമ്മർ മാസ്റ്റർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നു ലക്ഷം രൂപവരെയുള്ള കാർഷിക ലോണുകൾക്ക് പൂർണ്ണമായും പലിശ ഒഴിവാക്കിക്കൊടുക്കുന്ന സാഹചര്യം പ്രയോജനപ്പെടുത്തി നമ്മുടെ കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകാൻ എന്തെങ്കിലും നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ, അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കാർഷിക മേഖലയ്ക്ക് പ്രതിവർഷം നൽകുന്ന കാർഷിക വായ്പാത്തുകയുടെ തോത് കണക്കാക്കിയിട്ടുണ്ടോ; അതുമൂലം പ്രതീക്ഷിക്കുന്ന ഉത്പാദന വർദ്ധന നിരീക്ഷിക്കാൻ സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പരിപാടി</u>

T 1471

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കുന്നത്; അതിന്റെ ഭാഗമായി നീർത്തടാധിഷ്ഠിത സർവ്വേ നടത്തുകയും, തലചിറകൾ, തോട് എന്നിവയുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ;

(സി) പുനരുദ്ധരിക്കാതെ കിടക്കുന്ന ചിറകളും, മാലിന്യങ്ങൾ മൂടിയ പുഴകളും തോടുകളും വയലുകളും നികത്തുന്നതിനെതിരെ നടപടി സ്വീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പ- എഴുതിത്തള്ളാൻ പദ്ധതി</u>

1472 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പ എഴുതിത്തള്ളൽ പദ്ധതിയിൽ വൻ അഴിമതി നടന്നതായുള്ള സി. എ. ജി യുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇപ്രകാരം ആനുകൂല്യം ലഭിച്ചവരുടെയും ലഭിക്കാത്തവരുടെയും വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഇതിന്റെ വ്യക്തമായ കണക്ക് വെളിപ്പെടുത്തുമോ;

(ബി) കാർഷിക കടാശ്വാസ കമ്മീഷന്റെ അർഹതാ ലിസ്റ്റിൽ പേരുള്ളതും വായ്പയെടുത്തും കൃഷി നാശം സംഭവിച്ചും അല്ലാതെയും സാമ്പത്തികമായി തകർച്ച നേരിടുന്നവരുമായ എത്ര പേർക്ക് എഴുതിത്തള്ളൽ ആനുകൂല്യം ഇനിയും ലഭിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ; ഇതെന്തുകൊണ്ടാണെന്നു പറയാമോ; ഈ തുക എഴുതിത്തള്ളി അർഹരായവരെ കടക്കെണിയിൽ നിന്നും ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) സി. എ. ജിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കാർഷിക വായ്പ എഴുതിത്തളളപ്പെട്ട അനർഹരെ കണ്ടെത്തി തുക വീണ്ടെടുക്കുവാനും അർഹതയുളളവരെ കണ്ടെത്തി ആനുകൂല്യം നൽകുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## കേന്ദ്ര പദ്ധതികളുടെ അവലോകനം

1473 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ കൃഷി വകുപ്പിന് കീഴിൽ 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതും 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഇവ നടപ്പാക്കുന്നതിന് എന്ത് തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് എന്ന് ഓരോ പരിപാടിയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതിൽ ഏതെല്ലാം പരിപാടികൾക്ക് എന്ത് തുക വീതം ചെലവഴിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ലഭിച്ച തുകയിൽ ഓരോ ഇനത്തിലും എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(ഇ) ഇത്തരം പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കർഷക കടാശ്വാസ പദ്ധതി നടത്തിപ്പിലെ അഴിമതി</u>

1474 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ പദ്ധതിയുടെ നടത്തിപ്പിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) കേരളത്തിൽ പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം തട്ടിയെടുത്തവരും യഥാർത്ഥ കൃഷിക്കാർക്ക് അത് നിഷേധിച്ചവരും ആരൊക്കെയാണെന്ന് കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കർഷകകടാശ്വാസപദ്ധതിയിലെ ക്രമക്കേടുകൾ</u>

1475 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008–ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ കർഷകകടാശ്വാസപദ്ധതി പ്രകാരം കേരളത്തിൽ എത്ര കർഷകരുടെ കാർഷികവായ്പയാണ് എഴുതിത്തള്ളിയത്;

(ബി) ഇതിൽ വൻ ക്രമക്കേടുകൾ നടന്നതായുള്ള സി.എ.ജി.യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര പേരാണ് ഇക്കാര്യത്തിൽ തട്ടിപ്പു നടത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) ഇതിൽ ബാങ്കുകൾക്ക് ഏതെങ്കിലും തരത്തിലുള്ള പങ്കുണ്ടോ;

(ഇ) എങ്കിൽ, ഏതെല്ലാം ബാങ്കുകളിലാണ് ഇത്തരം തട്ടിപ്പുകൾ നടത്തിയിട്ടുള്ളതെന്നുള്ള വിവരം ലഭ്യമാക്കുമോ;

(എഫ്) എത്ര കോടി രൂപയുടെ ആനുകൂല്യമാണ് സംസ്ഥാനത്തു നൽകിയിട്ടുള്ളത്;

(ജി) ഇതിനകം എത്രപേർക്ക് ഈ ആനുകൂല്യം ലഭ്യമായിട്ടുണ്ട്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ കർഷകർക്ക് പ്രത്യേക പാക്കേജ്</u>

1476 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, എം. ഉമ്മർ
,, സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഈ സർക്കാർ നിലവിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ, എങ്കിൽ പാക്കേജിന്റെ വിശദവിവരം നല്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു നടപ്പാക്കിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കൃഷി നാശം വന്ന കർഷകർക്ക് ആശ്വാസ നടപടികൾ</u>

1477 ശ്രീ.ഇ.ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന വരൾച്ചയുടെ ഫലമായി കാർഷിക ഉല്പാദനമേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കൃഷി നാശം വന്ന കർഷകർക്ക് എന്തെങ്കിലും ആശ്വാസ നടപടികൾ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കൃഷിനാശം തിട്ടപ്പെടുത്തുന്നതിന് മാനദണ്ഡങ്ങൾ</u>

1478 ശ്രീ. സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ.കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായിരിക്കുന്ന വരൾച്ചയെത്തുടർന്നുള്ള കൃഷിനാശം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) കൃഷിനാശം തിട്ടപ്പെടുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് വിശദമാക്കുമോ;

(സി) ഏതെല്ലാം വിളകളെയാണ് കൃഷിനാശ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭൂമിയും കാർഷികവിളയും മാത്രം മാനദണ്ഡമാക്കി നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ചെലവാക്കിയ തുക ഉൾപ്പെടെ മറ്റ് നഷ്ടങ്ങൾ പരിഹരിക്കപ്പെടാതെ പോകുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വരൾച്ച മൂലമുള്ള കൃഷിനാശം</u>

1479 ശ്രീ. എം.എ. വാഹീദ്
,, കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ കൃഷി നാശം നേരിടാൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വരൾച്ചാ സഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ കെടുതി നേരിടാൻ പദ്ധതികൾ</u>

1480 ശ്രീ. എസ്. ശർമ്മ
,, സി. കൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം ഉണ്ടായിട്ടുള്ള കൃഷി നാശത്തെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം വിളകളെയാണ് വരൾച്ച ഏറ്റവും അധികം ബാധിച്ചിട്ടുള്ളത്;

(സി) വരൾച്ചാക്കെടുതി അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പദ്ധതികൾ ഏതെല്ലാം മേഖലയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(ഡി) സംസ്ഥാനം നേരിടുന്ന വരൾച്ചയും അത് കാർഷിക മേഖലയിൽ വരുത്തിയ കെടുതികളെയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വരൾച്ച മൂലം കൃഷി നാശം സംഭവിച്ച</u>
<u>കർഷകർക്ക് ധനസഹായം</u>

1481 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം ആലപ്പുഴ ജില്ലയിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചുവെന്ന് വിശദമാക്കുമോ;

(ബി) വരൾച്ച കൃഷിനാശം മൂലം ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നഷ്ടം സംഭവിച്ച കർഷകർക്ക് സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ കൃഷിനാശം നേരിടുന്നതിന്</u>
<u>പ്രത്യേക സഹായം</u>

1482 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ കൃഷി നാശം നേരിടുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതിനു വേണ്ടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കൃഷിനാശത്തിന് നഷ്ടപരിഹാരം</u>

1483 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ച നേരിടുന്ന പാലക്കാട് ജില്ലയിലെ കൃഷി നാശം സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വിളകൾക്കാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നത്;

(ഡി) പാലക്കാട് ജില്ലയിൽ കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകാൻ എത്ര തുകയാണ് നീക്കി വച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വരള്‍ച്ചാ കൃഷിനാശം</u>
<u>പരിഹരിക്കുന്നതിന് നടപടി</u>

1484 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വരള്‍ച്ചയുടെ ഭാഗമായി ഈ വര്‍ഷം പാലക്കാട് ജില്ലയില്‍ എത്ര കോടി രൂപയുടെ കൃഷിനാശമാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ശതമാനം നെല്‍കൃഷിയുടെ കുറവാണ് അനുഭവപ്പെട്ടിട്ടുള്ളത് ; വിശദാംശം നല്‍കുമോ ;

(സി) വരള്‍ച്ചയുടെ ഭാഗമായി കൃഷിനാശം സംഭവിച്ചിട്ടുള്ള കര്‍ഷകരെ സഹായിക്കാന്‍ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾക്ക് ബാങ്കുവഴിയുള്ള ധനസഹായം</u>

1485 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും ഈ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>മഹിളാ കിസാൻ ശാക്തീകരണ പരിയോജന</u>

1486 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.) സംസ്ഥാനത്തു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ, എന്തെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ; എത്ര പദ്ധതികളാണു ഇതു പ്രകാരം നടപ്പാക്കുന്നത്;അവയുടെ വിശദാംശം എന്തെല്ലാമാണ്;

(ബി) ഈ പദ്ധതിയുടെ നോഡൽ ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ, ആയതിന്റെ വിശദാംശം നൽകുമോ;

(സി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കർഷക ഗ്രൂപ്പുകളുടെ രൂപീകരണം</u>

1487 ശ്രീ. പാലോട് രവി
,, കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശം എന്തെല്ലാം;

(സി) കർഷകരിൽ നിന്ന് നേരിട്ട് അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാനും വിറ്റഴിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുളളതെന്ന് വിശദമാക്കുമോ;

(ഡി) ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ വരികയാണെങ്കിൽ അവ ലേലം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അവകാശം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കിസാൻഅഭിമാൻ പദ്ധതി</u>

1488 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി.ഡി. ദേവസ്സി
,, ആർ രാജേഷ്
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് മുൻ സർക്കാർ നൽകിവന്നിരുന്ന 'കിസാൻ അഭിമാൻ പദ്ധതി' പ്രകാരമുള്ള പെൻഷൻ ഇപ്പോഴും നൽകിവരുന്നുണ്ടോ;

(ബി) ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷനുമായി ഈ പദ്ധതിയെ സംയോജിപ്പിച്ചതിലൂടെ ഈ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് തിരുത്തൽ നടപടികൾ സ്വീകരിക്കുമോ;

(സി) നെൽകർഷകരുൾപ്പെടെയുള്ളവർക്ക് നൽകേണ്ട പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) കുടിശ്ശിക പെൻഷൻ വിതരണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

'നിറവ്' പദ്ധതി

1489 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിറവ്' പദ്ധതി പ്രകാരം ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു; ഇതു സംബന്ധിച്ച സ്കീമുകളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഉത്പന്നങ്ങളുടെ വിലത്തകർച്ചയാൽ ബുദ്ധിമുട്ടുന്ന നാളികേര കർഷകർക്ക് ഉത്പാദനച്ചെലവ് ലഘൂകരിക്കാനാവുംവിധം നാളികേര ക്ലസ്റ്റർ പദ്ധതി കൂടുതൽ സ്ഥലത്തേയ്ക്കു വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മൃഗസംരക്ഷണവകുപ്പും ക്ഷീരവികസനവകുപ്പും നടത്തുന്ന വികസനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നിറവ് പദ്ധതി</u>

1490 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' ഹൈബി ഈഡൻ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയനുസരിച്ച് കർഷകർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) എത്ര നിയോജക മണ്ഡലങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്;

(ഇ) എല്ലാ മണ്ഡലങ്ങളിലും ഇവ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ് നടപ്പാക്കൽ</u>

1491 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിലെ കാലതാമസം ചൂണ്ടിക്കാട്ടി കർഷകർ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2012 -13ൽ കേന്ദ്രസർക്കാർ പ്രസ്തുത പാക്കേജിനു വേണ്ടി തുക അനുവദിച്ചിട്ടുണ്ടോ;

(സി) നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന വാർഷിക കണക്ക് ലഭ്യമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജ് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനുള്ള ഊർജ്ജിതശ്രമം നടത്തുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1492 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ഇതിനകം എത്ര തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണ വകുപ്പുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വാങ്ങിയ കൊയ്ത്ത് യന്ത്രങ്ങൾ</u>

1493 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെ. എ. ഐ. സി. ഒ) മുഖാന്തിരം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വാങ്ങിയ കൊയ്ത്ത് യന്ത്രങ്ങൾ ഈ വർഷവും പ്രവർത്തന സജ്ജമാക്കി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കൊയ്ത്ത് യന്ത്രങ്ങൾ ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്ന വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കൊയ്ത്ത് യന്ത്രങ്ങളുടെ ക്ഷാമം കുട്ടനാട്ടിൽ അനുഭവപ്പെടുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

1494 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനംമൂലം നെൽകൃഷി നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ നശിച്ചുപോകുന്ന നെൽകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത ഇൻഷ്വറൻസ് നൽകുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നെല്ലുൽപാദനം വർദ്ധിപ്പിക്കാൻ നടപടി</u>

1495 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനൽ സംസ്ഥാനത്തെ നെൽകൃഷിയെ തളർത്തിയതുമൂലം അരി ഉൽപാദനത്തെ ഗുരുതരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കടുത്ത വേനൽ മൂലം നിലവിൽ എത്ര ഹെക്ടർ നെൽകൃഷി നശിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) 2012-13- ൽ കുട്ടനാട്ടും, അപ്പർ കുട്ടനാട്ടിലും ഉപ്പുവെള്ളം കയറി എത്ര ഹെക്ടർ നെൽ വയൽ നശിച്ചു;

(ഡി) കേരളത്തിന്റെ പ്രതിവർഷ അരി ഉപഭോഗം എത്ര ലക്ഷം ടണ്ണാണ്; ആയതിൽ കഴിഞ്ഞ വർഷം (2012) എത്ര ടൺ അരി ഉൽപാദിപ്പിച്ചു;

(ഇ) പ്രധാന നെല്ലുൽപാദന കേന്ദ്രങ്ങളായ പാലക്കാട്, വയനാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിലെ നെല്ലുൽപാദനം തളർത്തിയതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കർഷകന് ഇതുമൂലം എത്ര തുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മുൻ സർക്കാർ ആസൂത്രണം ചെയ്ത പദ്ധതികളെല്ലാം ഇപ്പോൾ നിലച്ചിരിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ;

(ജി) മുൻ സർക്കാർ കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ 'പാഡി മിഷൻ' എന്ന പേരിൽ 30000 ഹെക്ടർ തരിശുനിലത്ത് നെല്ലുൽപാദനം നടത്തി അരിയുടെ ഉൽപാദനത്തിൽ വൻ വർദ്ധനവ് നേടാൻ സഹായിച്ച പദ്ധതി ഇപ്പോൾ

നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി തുടരാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എച്ച്) നെല്ലുൽപാദനം വർദ്ധിപ്പിക്കാനും നെൽകൃഷി തുടരുവാനും ഇപ്പോൾ നെല്ലുൽപാദന രംഗത്ത് നിൽക്കുന്ന കർഷകർക്ക് സഹായം നൽകി അവരെ ഈ രംഗത്ത് നിലനിർത്തുവാനും ഇപ്പോഴത്തെ വേനൽ മൂലമുള്ള കൃഷി നഷ്ടം നികത്തുന്നതിനും അവരെ സഹായിക്കുന്നതിനുമായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിൽ നെൽക്കൃഷിവികസനപദ്ധതി</u>

1496 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ നെൽക്കൃഷിവികസനത്തിനായി സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ, എത്ര തുകയുടെ പദ്ധതിയാണെന്നും, പ്രസ്തുതപദ്ധതി നടപ്പാക്കിയാൽ എത്ര നെല്ല് കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

നെൽകൃഷി വികസന പദ്ധതി

1497 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഗ്രൂപ്പ് ഫാമിംഗ്, കരനെൽകൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കരനെൽകൃഷി വഴിയും തരിശുഭൂമി കൃഷിയോഗ്യമാക്കിയതു വഴിയും എത്ര ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് നെൽകർഷകർക്ക് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നെൽകൃഷിയിലെ വർദ്ധനവ്</u>

1498 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെൽകൃഷിയിൽ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) നെൽകൃഷിയും കരനെൽകൃഷിയും മറ്റു കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് നടപടി</u>

1499 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷമായി നെല്ലിന്റെ താങ്ങുവില പുതുക്കി നിശ്ചയിച്ചിട്ടില്ലാത്തതിനാലും ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിലും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര രൂപ വരെ വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>തരിശായി ഇട്ടിരിക്കുന്ന നെൽവയലുകൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് നടപടി</u>

1500 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികൾ കൃഷി ചെയ്യാതെ തരിശായി ഇട്ടിരിക്കുന്ന നെൽവയലുകൾ ഏറ്റെടുത്ത് നെൽകൃഷി ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അവ ഏറ്റെടുത്ത് കൃഷി ചെയ്യാത്തതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>പൊന്നാനി കോൾമേഖല കൃഷിയോഗ്യമാക്കാൻ നടപടി</u>

1501 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാന്നി കോൾമേഖലയിൽ നൂണക്കടവ്, മൂച്ചിക്കൽ കോൾ നിലങ്ങളുടെ പുറംബണ്ടുകൾ തകർന്ന് വെള്ളം കയറി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കർഷകർക്ക് നഷ്ടപരിഹാരവും, കൃഷിസ്ഥലം പൂർവ്വസ്ഥിതിയിലാക്കി കൃഷിയോഗ്യമാക്കുന്നതിന് ധനസഹായവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കോൾപാക്കേജിൽ ബണ്ടുകൾ കെട്ടുന്നതിനും, ബലപ്പെടുത്തുന്നതിനും, മുന്തിയ പരിഗണന കൊടുത്ത് ഈ വർഷം പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി</u>

1502 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിലവിൽ നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വ്യാപ്തി സംബന്ധിച്ച വിവരം പഞ്ചായത്തു തിരിച്ച് ലഭ്യമാക്കുമോ;

(ബി) നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കൊല്ലം ജില്ലയ്ക്ക് ഈ വർഷം അനുവദിച്ച തുക എത്രയാണ്;

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പഞ്ചായത്തുകളിൽ പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചെന്നും, എത്ര ഹെക്ടർ ഭൂമിയിൽ നെൽക്കൃഷി വ്യാപിപ്പിക്കാനായി എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>റൈസ് ബയോ പാർക്ക്</u>

1503 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന റൈസ് ബയോ പാർക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ റൈസ് ബയോപാർക്ക്</u>

1504

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(ബി) റൈസ് ബയോപാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ജില്ലയിൽ എവിടെയാണ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; മൂലധന ചെലവ് എത്രയാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കോക്കനട്ട് റൈസ് ബയോപാർക്കുകൾ</u>

1505 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കോക്കനട്ട് ബയോ പാർക്കും, റൈസ് ബയോപാർക്കും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) അവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വിലസ്ഥിരതാ ഫണ്ട് രൂപീകരണം</u>

1506 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരം, നാണ്യവിളകൾ ഇവയുടെ വിലയിടിവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഭാവിയിൽ ഇത് തടയുന്നതിന് ഒരു വിലസ്ഥിരതാ ഫണ്ടിന് രൂപം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിലയിടിവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത വിളകൾക്ക് ന്യായവില ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിയ്ക്കുന്നതെന്ന്
വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**22.03.2013–ലെ മറുപടിക്ക്**

<u>നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം</u>

1507 ശ്രീ. പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി
,, കെ. ദാസൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുമോ ;

(ബി) മുല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) തെങ്ങ് ചെത്തി നീര ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലെത്തി നില്ക്കുന്നുവെന്ന് അറിയിക്കാമോ ; എന്തെല്ലാം പ്രതിബന്ധങ്ങളാണ് ഈ തീരുമാനം കൈക്കൊള്ളുന്നതിന് മുന്നിലുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## <u>നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് നടപടി</u>

1508

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) നാളികേരം സംഭരിക്കുന്നതിന് ഏതെല്ലാം ഏജന്‍സികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര രൂപവെച്ചാണ് നാളികേരം സംഭരിച്ചതെന്നും എത്ര നാളികേരം ഈ ഏജന്‍സികള്‍ സംഭരിച്ചുവെന്നും അറിയിക്കുമോ ;

(ഡി) ഈ വര്‍ഷം പച്ചത്തേങ്ങയുടേയും കൊപ്രയുടേയും സംഭരണം ഊര്‍ജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>നാളികേര കൃഷിക്കായി പദ്ധതികൾ</u>

1509 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് കേരള നാളികേര വികസന ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഉൽപാദനശേഷിയുള്ളതും ചെലവ് കുറഞ്ഞതുമായ നാളികേര കൃഷി നടത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്; വിശദമാക്കാമോ;

(സി) മുഴുവൻ നാളികേര കർഷകർക്കും പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>'നീര' യുടെ ഉല്പാദനം</u>

1510 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി 'നീര' ഉല്പാദനത്തിനുള്ള അനുമതി നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നീര ഉല്പാദനം ആരംഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നീര ഉല്പാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ. എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പച്ചതേങ്ങ സംഭരണം</u>

1511 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ മുഖേന പച്ചതേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ നിന്നും എത്ര കൃഷിഭവനുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) കൃഷിക്കാർ എന്തൊക്കെ രേഖകളാണ് ഇത് സംബന്ധിച്ച് കൃഷിഭവനുകളിൽ നൽകേണ്ടത്;

(ഡി) എത്ര രൂപ വെച്ചാണ് പച്ചതേങ്ങ സംഭരിക്കുന്നത്; ഇതുവരെയായി കണ്ണൂർ ജില്ലയിൽ നിന്നും എത്രത്തോളം സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പച്ചതേങ്ങ സംഭരണം</u>

1512

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന്റെ പരിധിയിൽ പച്ചതേങ്ങ സംഭരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പരിധിയിൽ എന്നാണ് പച്ചതേങ്ങ സംഭരണം ആരംഭിച്ചതെന്നും, 2013 ഫെബ്രുവരി മാസം വരെ എത്ര കിലോ തേങ്ങ സംഭരിച്ചുവെന്നും അറിയിക്കുമോ;

(സി) കർഷകർ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന പച്ചതേങ്ങ മുഴുവൻ ശേഖരിക്കുവാനുളള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ; സംഭരണം എത്രനാൾ തുടരുമെന്ന് അറിയിക്കുമോ;

(ഡി) ശേഖരിച്ച തേങ്ങയുടെ വില കർഷകർക്ക് വിതരണം ചെയ്തു തുടങ്ങിയോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കൊപ്രാ സംഭരണ നഷ്ടം നികത്താൻ നടപടി</u>

1513

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൊപ്രയുടെ സംഭരണ വില എത്രയാണെന്ന് അറിയിക്കുമോ;

(ബി) കൊപ്രാസംഭരണത്തിൽ നാഫെഡ്-ന് നഷ്ടം വരുന്നുണ്ടോയെന്നും എങ്കിൽ എത്രയെന്നും അറിയിക്കാമോ;

(സി) ഈ നഷ്ടം ആരാണ് നികത്തേണ്ടതെന്നും അതിന് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണം</u>

1514

ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഫെഡ് കൊപ്രാ സംഭരണം നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാഫെഡ് സംഭരിച്ച കൊപ്രയുടെ അളവ് എത്ര; കൊപ്രയ്ക്ക് നാഫെഡ് നൽകുന്ന വില എത്ര;

(സി) നാഫെഡ് മുഖേനയുള്ള കൊപ്രാ സംഭരണം വീണ്ടും ആരംഭിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>വിള ഇൻഷ്വറൻസ് പദ്ധതി</u>

1515 ഡോ.ടി. എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
'' രാജു എബ്രഹാം
'' എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ സർക്കാർ നടപ്പാക്കി വരുന്ന വിവിധ വിള ഇൻഷ്വറൻസ് പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകാമോ;

(ബി) ഇൻഷ്വറൻസ് പദ്ധതികൾ മുഖേന കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരം മതിയായ നിരക്കിലുള്ളതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) വരൾച്ചമൂലം കൃഷി നാശം സംഭവിച്ചതിനെ തുടർന്ന് സാമ്പത്തിക നഷ്ടം അനുഭവിക്കുന്ന കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ആവശ്യമായ സഹായം എത്തിക്കുന്നതിന് തയ്യാറാകുമോ;

(ഡി) 2012-13 ൽ വിള ഇൻഷ്വറൻസ് പദ്ധതികളുടെ സംസ്ഥാന സർക്കാർ വിഹിതം മുഴുവനായും കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി</u>

1516

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിത്തുടങ്ങിയോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) നാളിതുവരെ എത്ര കർഷകർ പദ്ധതിയിൽ അംഗങ്ങളായി;

(ഡി) ഇതിലേയ്ക്കായി 2012-13-ൽ എന്ത് തുക നീക്കിവച്ചിരുന്നു; അതിൽ എത്ര രൂപ ചെലവഴിച്ചു?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പഴം-പച്ചക്കറികളിലെ കീടനാശിനി പ്രയോഗം</u>

1517 ശ്രീ. സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴം-പച്ചക്കറികളിൽ വ്യാപകമായി മരുന്നുകളും കീടനാശിനികളും തളിക്കുന്നത് മൂലം ക്യാൻസർ ഉൾപ്പടെയുള്ള രോഗങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ബി) ജൈവ കൃഷി രീതി വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>'ഗ്രോബാഗ്' പച്ചക്കറി വികസന പദ്ധതി</u>

1518 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഗ്രോബാഗ്' പച്ചക്കറി വികസന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) എത്ര കർഷകർ 500 രൂപ വീതം നൽകി കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിച്ചു; ഇതിൽ എത്ര പേർക്ക് ഗ്രോബാഗുകൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നൽകിയ ഗ്രോബാഗുകളിൽ ജൈവവളം ചേർന്ന മിശ്രിതമായിരുന്നില്ല നിറച്ചിരുന്നതെന്നും ആരോഗ്യമില്ലാത്ത പച്ചക്കറി തൈകളാണ് വിതരണം ചെയ്തതെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ഗ്രീൻഹൗസ് പദ്ധതി</u>

1519 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൗസ് പദ്ധതി പ്രകാരം എത്ര ഗ്രീൻ ഹൗസുകൾ ഇതുവരെ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്ന് എം.എൽ.എ മുഖാന്തിരം നിർദ്ദേശിക്കപ്പെട്ട എത്ര കർഷകരെ ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്; ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെങ്കിൽ ഇതിനുകാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതി</u>

1520 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗ്രീൻ ഹൗസുകൾ വഴി ഗുണഭോക്താക്കൾക്കു ലഭ്യമാകുന്ന സൗകര്യങ്ങളും സഹായങ്ങളും എന്തെല്ലാമാണ്?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ കീഴിൽ വിവിധ വകസന പദ്ധതികൾ

1521 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് കീഴിൽ വിവിധ വികസന പദ്ധതികൾക്കായി ബജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയ 11 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത്;

(സി) ഇതിൽ ഏതെല്ലാം പരിപാടികൾക്കാണ് തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൻകീഴിൽ ഹോർട്ടികൾച്ചർ മിഷൻ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പരിപാടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ചേലക്കര നിയോജകമണ്ഡലത്തിൽ പഴം - പച്ചക്കറി ഉൽപാദന - സംഭരണ വിപണന പദ്ധതി</u>

1522 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പഴം - പച്ചക്കറി ഉൽപ്പാദന - സംഭരണ വിപണന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി നടത്തിപ്പിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാരിനു കീഴിലുള്ള ദേശീയ ഹോർട്ടികൾച്ചർ മിഷൻ 2010-ൽ അംഗീകരിക്കുകയും കേന്ദ്രവിഹിതം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്ത ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

വിലക്കയറ്റം തടയുന്നതിന് നടപടി

1523 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭക്ഷ്യ സാധനങ്ങൾക്കുള്ള (പഴങ്ങളും പച്ചക്കറികളും) വ്യാപകമായ വിലക്കയറ്റം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഈ നടപടി എത്രത്തോളം ഗുണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>'വീട്ടിൽ ഒരു മാവ്' പദ്ധതി</u>

1524 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വീട്ടിൽ ഒരുമാവ്' പദ്ധതി പ്രകാരം കൊല്ലം നിയോജക മണ്ഡലത്തിലെ തൃക്കടവൂർ ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും ഇതുവരെ പ്രസ്തുത പദ്ധതി തുടങ്ങിയില്ല. ഇതിനുണ്ടായ കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

### യൂറിയയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

1525

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ആവശ്യമായി വരുന്ന യൂറിയയുടെ അളവ് എത്രയാണ് ; വിശദവിവരം നൽകുമോ ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന യൂറിയയുടെ ക്വാട്ട എത്രയാണ് ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന യൂറിയ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഡി) യൂറിയയുടെ ലഭ്യത ഉറപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ജൈവവള ലഭ്യത ഉറപ്പാക്കാൻ നടപടി</u>

1526 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ആവശ്യമായ തോതിൽ ജൈവവളം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ജൈവവളത്തിന് കൂടുതൽ ദൗർലഭ്യം നേരിടുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ജൈവവളത്തിന്റെ ഉപയോഗത്തിൽ വന്ന വർദ്ധനവ് അനുസരിച്ച് ഇതിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ പുറത്ത് നിന്ന് ജൈവവളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>റബ്ബർ ഇറക്കുമതിക്കെതിരെ നടപടി</u>

1527 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ റബ്ബറിന്റെ തീരുവഘടനയിൽ മാറ്റം വരുത്തിയതും റബ്ബർ ഇറക്കുമതി നടത്തിയതും സംസ്ഥാനത്തെ റബ്ബർ കൃഷിക്കാരെ ഏതെല്ലാം നിലയിൽ ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) റബ്ബറിന്റെ വിലയിൽ കുറവുണ്ടായതു മൂലം റബ്ബർ കൃഷിക്കാർക്കുണ്ടായ നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(സി) റബർ ഇറക്കുമതിക്കെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കാലാവസ്ഥ നിരീക്ഷണത്തിന് ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ</u>

1528 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ നിരീക്ഷണത്തിന് ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ച് യഥാസമയം കർഷകർക്ക് സന്ദേശം നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഇ) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം</u>

1529 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ സഹായം കൂടുതൽ ജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ പരിശീലന പരിപാടികൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

**<u>കൽപ്പറ്റ മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ അനുവദിച്ച അടിസ്ഥാന സൗകര്യവികസനപദ്ധതികൾ</u>**

1530

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം അടിസ്ഥാന സൗകര്യവികസനത്തിനായി എത്ര പദ്ധതികളാണ് കൃഷി വകുപ്പിന് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ചിരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും തുകയും വെളിപ്പെടുത്തുമോ ;

(സി) ഇതിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, അവ ഏതെല്ലാമെന്ന് തുക ഉൾപ്പെടെ അറിയിക്കുമോ ;

(ഡി) പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

ചാലക്കുടി അഗ്രോ റിസർച്ച് സ്റ്റേഷനിൽ വാട്ടർ മാനേജ്മെന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശിച്ച തുക

1531 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാട്ടർ മാനേജ്മെന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി 2012–13 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിലുള്ള മുഴുവൻ തുകയും ചാലക്കുടി എ. ആർ. എസ്. ന് അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കരപ്പുറം വികസന ഏജൻസി രൂപപ്പെടുത്തുവാൻ നടപടി</u>

1532 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കരപ്പുറമെന്ന പ്രദേശത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയാൽ കേരളത്തിൽ ഒരു കാർഷിക വിപ്ലവത്തിന് വേദിയാകുമെന്നതിനാൽ ഈ മേഖലയുടെ കാർഷിക സാധ്യതകൾ പഠിക്കുന്നതിനും കൃഷിക്ക് നിലവിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനും ഒരു കരപ്പുറം വികസന ഏജൻസി രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കരപ്പുറത്തിന്റെ കാർഷിക വളർച്ച ലക്ഷ്യമിട്ട് ഒരു വികസന ഏജൻസി രൂപീകരിക്കണമെന്ന ആവശ്യം ഏതെങ്കിലും സംഘടനകൾ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു മറുപടിയാണ് നൽകിയിരിക്കുന്നതെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി പഞ്ചായത്തിലെ പ്ലാച്ചിത്തോടിന്റെ വികസന പ്രവർത്തനങ്ങൾ</u>

1533 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച അതിരപ്പിള്ളി പഞ്ചായത്തിലെ പ്ലാച്ചിത്തോടിന്റെ വികസനപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട കൊരട്ടിച്ചാൽ, ചീമേനിച്ചാൽ എന്നിവയുടെ നിർമ്മാണ പുരോഗതി</u>

1534 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

പശ്ചിമഘട്ടവികസനപദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ കൊരട്ടി പഞ്ചായത്തിലെ കൊരട്ടിച്ചാൽ, മേലൂർ പഞ്ചായത്തിലെ ചീമേനിച്ചാൽ എന്നിവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>വൈപ്പിൻ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1535 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി</u>

1536

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂലായ് മാസം 5-ാം തീയതി കൃഷി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ , തലക്കുളത്തൂർ പഞ്ചായത്തുകളിൽ തരിശ്ശായിക്കിടക്കുന്ന നെൽവയൽ കൃഷിയോഗ്യമാക്കുന്നതിന് സമർപ്പിക്കപ്പെട്ട പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് എന്ന് ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ദിഷ്ട പ്രോജക്ട് ഏകീകരിച്ച് നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയ കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എൻജിനീയറുടെ പ്രവർത്തനം ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പട്ടാമ്പിയിൽ കൃഷിവകുപ്പിന്റെ ഉടമസ്ഥതയിലുള്ള തരിശുഭൂമി</u>

1537 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ പട്ടാമ്പി മണ്ണ് പരിശോധനാശാലയ്ക്ക് സമീപമുള്ള കാടുപിടിച്ചു കിടക്കുന്ന 12 ഏക്കർ ഭൂമിയിൽ നിന്ന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് സ്ഥാപിക്കുന്നതിനും സ്ഥലം നൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽ നിന്ന് എന്നാണ് നിവേദനം ലഭിച്ചത്;

(സി) നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ ആവശ്യത്തിന് എന്നത്തേക്ക് സ്ഥലം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

1538 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണെന്ന് പറയാമോ;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ എന്നു പറയാമോ;

(സി) സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലാതെ കൃഷി അസിസ്റ്റന്റ്മാർക്ക് അർഹമായ പ്രൊമോഷൻ നടത്തുന്നത് എപ്രകാരമാണെന്ന് പറയാമോ;

(ഡി) കൃഷി വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലുള്ളവരുടെ പ്രൊമോഷൻ യഥാസമയം നടക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം കൃഷി അസിസ്റ്റന്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതു പ്രകാരം എന്നാണ് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയതെന്നും അതിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് പ്രൊമോഷൻ നൽകിയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്</u>

1539 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ബി) ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാർക്ക് തസ്തിക മാറ്റം മുഖേനയുള്ള ഉദ്യോഗക്കയറ്റം</u>

1540 ശ്രീ.കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം മുഖേന കൃഷി ഓഫീസർമാരായി ഉദ്യോഗകയറ്റം നൽകുന്നത് എത്ര ശതമാനമാണെന്നും ഇത് ആകെ എത്ര എണ്ണമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ നിലവിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ട ബി.എസ്.സി അഗ്രികൾച്ചർ യോഗ്യതയുള്ളവരെ അർഹതാനിർണ്ണയ പരീക്ഷയിൽ വിജയിച്ച യോഗ്യരായ കൃഷി അസിസ്റ്റന്റുമാർക്ക് നിയമനം നൽകുവാനായി റിവർട്ട് ചെയ്യുമോ;

(ഡി) പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ട ബി.എസ്.സി അഗ്രികൾച്ചർ യോഗ്യതയുളളവരുടെ നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

### സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക പുനർ നാമകരണം ചെയ്യൽ

1541

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീനിയർ ഗ്രേഡ് കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക 'അസിസ്റ്റന്റ് അഗ്രികൾച്ചറൽ ഓഫീസർ' എന്നു പുനർനാമകരണം ചെയ്ത് നൽകണമെന്ന ശുപാർശ നടപ്പിലാക്കുന്നത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയുടെ പുനർനാമകരണം നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്</u>

1542 ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ഉപാധികൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

ഹൈടെക് ഫാമിംഗ് പദ്ധതി

1543 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഉദുമ എം.എൽ.എ. നിർദ്ദേശിച്ച സ്ഥലത്തുതന്നെയാണോ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>കന്നുകാലി വളർത്തൽ</u>

1544 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യങ്ങൾക്കായും, വ്യാവസായികാവശ്യങ്ങൾക്കായും കന്നുകാലികളെ വളർത്തുന്നതിന് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) ഗാർഹിക മേഖലയിലെ ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) വിവിധ മേഖലകളിലായി സംസ്ഥാനത്തുള്ള ആട്, പശു, എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മാംസാഹാര ദൗർലഭ്യം</u>

1545 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനുദിനം വർദ്ധിച്ചുവരുന്ന മാംസാഹാരത്തിന്റെ ദൗർലഭ്യം പരിഹരിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ ഇനങ്ങളിലായി പ്രതിമാസം എത്ര കിലോഗ്രാം മാംസം ആവശ്യമായി വരുന്നുണ്ടെന്നും, അതിൽ ആഭ്യന്തര ഉത്പാദനം എത്രയെന്നും വ്യക്തമാക്കുമോ;

(സി) മാംസാഹാര ദൗർലഭ്യം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## കെ. എൽ. ഡി. ബോർഡിലെ തസ്തികകൾ

1546

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലെ കെ. എൽ. ഡി. ബോർഡിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളുണ്ട് ;

(ബി) ഓരോ തസ്തികയ്ക്കും വേണ്ട യോഗ്യതയും എക്സ്പീരിയൻസും നിശ്ചയിച്ച് സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സ്പെഷ്യൽ റൂൾ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ ഏതു റൂളിന്റെ/ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനവും പ്രൊമോഷനും നടത്തുന്നത് എന്ന് വിശദമാക്കുമോ ; ആ റൂളിന്റെ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പദ്ധതികൾ

1547 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വ്യക്തിഗതഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന വിധം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ, ഏതൊക്കെ പദ്ധതികളാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഏജൻസികൾ മുഖാന്തരമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികൾ ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്; ഇല്ലായെങ്കിൽ, പ്രസ്തുതമണ്ഡലത്തിൽക്കൂടി വികസനസാദ്ധ്യത ഉറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## കാലിത്തീറ്റ വിലവർദ്ധന

1548 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ഉൽപാദനം കുറച്ചതുകാരണം കാലിത്തീറ്റയ്ക്ക് വൻ വില വർദ്ധനവും ലഭ്യതക്കുറവും സംഭവിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളാ ഫീഡ്സ് പ്രതിവർഷം എത്ര ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ട് എന്നും, എവിടെയെല്ലാമാണ് ഉൽപാദന കേന്ദ്രങ്ങൾ എന്നും വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ കേരള ഫീഡ്സിന്റെ ഉൽപാദന കേന്ദ്രം ഉണ്ടോ എന്നും, ഉണ്ടെങ്കിൽ എവിടെയാണെന്നും, ഇവിടെ എത്ര ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) കാലിത്തീറ്റ ഉദ്പാദനം വർദ്ധിപ്പിക്കാനും വിലകുറയ്ക്കാനും ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്ത് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വില വർദ്ധനവ്</u>

1549 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലവർദ്ധനവ് കാരണം കർഷകരിൽ പലരും പ്രസ്തുത തൊഴിൽ ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും സബ്സിഡി നൽകുന്നുണ്ടോ എന്നും എങ്കിൽ ഏതുവിധത്തിലാണ് സബ്സിഡി നൽകുന്നത് എന്നും വ്യക്തമാക്കുമോ;

(സി) മുഴുവൻ കർഷകർക്കും കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും സബ്സിഡി നൽകാനും, പുതിയ ആളുകളെ പ്രസ്തുത തൊഴിലിലേക്ക് ആകർഷിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>മള്‍ട്ടി സ്പെഷ്യാലിറ്റി മൊബൈല്‍ വെറ്ററിനറി ക്ലീനിക്കുകള്‍</u>

1550 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരളത്തില്‍ എവിടെയെല്ലാമാണ് മള്‍ട്ടി സ്പെഷ്യാലിറ്റി മൊബൈല്‍ വെറ്ററിനറി ക്ലീനിക്കുകള്‍ സ്ഥാപിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>മങ്കൊമ്പ് മൃഗാശുപത്രി കെട്ടിടനിർമ്മാണം</u>

1551 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മങ്കൊമ്പ് മൃഗാശുപത്രി കെട്ടിടനിർമ്മാണം വർഷങ്ങളായി പൂർത്തിയാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**22.03.2013-ലെ മറുപടിക്ക്**

മൃഗസംരക്ഷണ വകുപ്പിൽ കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

1552 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പിൽ കാസർഗോഡ് ജില്ലയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത ഒഴിവുകളെന്നും ഇവ നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>വെറ്ററിനറി സർവ്വകലാശാലയുടെ കേന്ദ്രം സ്ഥാപിക്കുവാൻ നടപടി</u>

1553 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാക്കൂർ പഞ്ചായത്തിൽ വെറ്ററിനറി സർവ്വകലാശാലയുടെ ഒരു കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വെറ്ററിനറി സർവ്വകലാശാലയിൽ നിന്നുള്ള സംഘം കാക്കൂർ പഞ്ചായത്തിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സർവ്വകലാശാലയിൽ നിന്നുള്ള സംഘത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?